*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**


## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 18D

### ജൂൺ, 2000 മുതൽക്കുള്ള സംഭവങ്ങൾ (തുടർച്ച)

## ഭൂചലനം, തീപ്പിടുത്തം, പ്രളയം എന്തുകൊണ്ട്?

എന്തുകൊണ്ടാണീ ഭൂചലനങ്ങൾ, തീപിടുത്തം, പ്രളയം ഇവ സംഭവിക്കുന്നത്? എന്തുകൊണ്ട്?

നമ്മുടെ സുഹൃത്തുക്കൾ ഈ വസ്തുതകൾ നന്നായി ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്, പ്രകൃതിദുരന്തങ്ങളുടെ പ്രധാന കാരണമെന്തെന്ന് അറിയുന്നതിന് നമുക്കെല്ലാവർക്കും സാധിക്കും.



സ്വാമി വിശദീകരിക്കാൻ തുടങ്ങി, "ഇന്ന്, മനുഷ്യരുടെ ആഗ്രഹങ്ങൾക്ക് അതിരില്ലാതായിരിക്കുന്നു. അവൻ വളരെ അത്യാഗ്രഹിയായിത്തീർന്ന് പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്. ഭൂമിയുടെ അഗാധമായ ആഴങ്ങളിൽനിന്നും അവൻ ലോഹങ്ങളെ വേർതിരിച്ചെടുത്തുകൊണ്ടിരിക്കുന്നു. ഭൂമാതാവിൽനിന്ന് അയിരുകൾ കുഴിച്ചെടുക്കുന്നതിനായി അവൻ ആയിരക്കണക്കിന് അടി ആഴങ്ങളിലേക്ക് കുഴിച്ചുകൊണ്ടിരിക്കുന്നു. ഇനി, മണ്ണെണ്ണയും പെട്രോളും ഖനനം ചെയ്തെടുക്കുന്നതിനായി അവൻ സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് പോകുന്നു. തത്ഫലമായി, ഭൂമിയുടെ സമതുലനം നഷ്ടമായിരിക്കുന്നു. ഭൂമിയുടെ ബാലൻസ് പൊയ്പോകുമ്പോൾ പ്രളയം ഉണ്ടാകുന്നു. ഭൂമിയുടെ വിവിധ ഭാഗങ്ങളിലായി ആഴമില്ലായ്മയും ഗർത്തങ്ങളും ഉണ്ടാവുമ്പോൾ അത് ഭൂചലനങ്ങളിലേക്ക് നയിക്കുന്നു. അതിനാൽ, ഭൂചലനങ്ങളും പ്രളയവും മനുഷ്യനിർമ്മിതിയാണ്. ഈശ്വരന് ഇതിൽ പങ്കില്ല.





മനുഷ്യന്റെ ദുഷ്ചെയ്തികളുടെ ഒരുതരം പ്രതിപ്രവർത്തനമാണ് ഇതെല്ലാം–അതിരുകളില്ലാത്ത ആഗ്രഹങ്ങളുടെ ഫലമായിട്ടുള്ള അവന്റെ പ്രകൃതിചൂഷണം, അവന്റെ സ്വാർത്ഥത, പിശുക്ക് മുതലായവയുടെ."

ഭഗവാൻ ഇപ്രകാരമാണ് അരുളിയത്. ഈ പ്രകൃതിദുരന്തങ്ങളുടെയൊക്കെ കാരണം, ഭഗവാൻ ഇപ്രകാരമാണ് വിശദീകരിച്ചത്.

## ആഗ്രഹങ്ങളുണ്ടാവുന്നത് തെറ്റാണോ?

‘‘അപ്പോൾ, സ്വാമീ, ആഗ്രഹങ്ങളുണ്ടാവുന്നത് തെറ്റാണോ?’’

സ്വാമി കരുണയോടെ പുഞ്ചിരിച്ചുകൊണ്ട് അരുളിച്ചെയ്തു, ‘‘നിങ്ങൾക്ക് ആഗ്രഹങ്ങളുണ്ടാവാം, എന്നാൽ പരിമിതമായ എണ്ണം മാത്രം മതി–ഒത്തിരി വേണ്ട. കുടിക്കാനായി വെള്ളം വേണമെന്നു തോന്നുമ്പോൾ, ഒരു ടംബ്ലർ വെള്ളംമാത്രം മതിയാവും, നദി അപ്പാടെ ഇവിടെ എത്തിക്കേണ്ടതില്ലല്ലോ. ഒരു മനുഷ്യന് പരിമിതമായ ആഗ്രഹങ്ങളേ ഉള്ളൂ എങ്കിൽ, അവൻ പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുന്ന തരത്തിൽ പ്രകൃതിയെ ചൂഷണം




ചെയ്യില്ല. തന്നെയുമല്ല, നിങ്ങൾ നിങ്ങളുടെ രണ്ട് കൈകൊണ്ടും ജോലി ചെയ്യുകയാണെങ്കിൽ, നിങ്ങൾ കഠിനാധ്വാനം ചെയ്യുകയാണെങ്കിൽ, ഒരു വയർ പുലരാൻ അതു മതിയാവില്ലേ? നിങ്ങളുടെ ഉദരപൂരണത്തിന് അതു പോരേ? എന്നാൽ, മനുഷ്യൻ അധ്വാനിക്കുന്നില്ല, അവൻ വളരെ സ്വാർത്ഥനും നിറയെ അതിരില്ലാത്ത ആഗ്രഹങ്ങളുടെ ഉടമയുമായിരിക്കുന്നു. ഇന്ന്, ശാസ്ത്രം അനുദിനം പുരോഗമിക്കുമ്പോൾ, ഇന്ദ്രിയനിയന്ത്രണം നാൾക്കുനാൾ നഷ്ടമാവുന്നു. ഈ ദുരന്തങ്ങളുടെയെല്ലാം ഒരു കാരണം അതാണ്.’’

# ജാനുവരി 2000 മുതൽക്കുള്ള സംഭവങ്ങൾ

ബാംഗ്ലൂരിലായിരിക്കുമ്പോൾ, ജാനുവരി 31-ാം തീയതി, ഭഗവാൻ കർണാടക സംസ്ഥാനത്തെ 'അളികെ'(Alike) എന്നു വിളിക്കുന്ന സ്ഥലം സന്ദർശിച്ചതായി ഞങ്ങളറിഞ്ഞു.




ശ്രീ സത്യസായി അളികെ സന്ദർശിക്കുന്നു-2001 ജാനുവരി 31

സ്വാമി ഞങ്ങളോടു പറഞ്ഞു, "നിങ്ങൾക്കറിയാമോ, ഞാനവിടെ മുഴുവനും കന്നഡയിൽ മാത്രമാണ് സംസാരിച്ചത്, തെലുങ്കിലല്ല. സദസ്യർക്കെല്ലാം വളരെ സന്തോഷമായി, എന്തുകൊണ്ടെന്നാൽ ഞാൻ അവരുടെ മാതൃഭാഷയിലാണ് സംസാരിച്ചത്."



അളികെ സ്കൂൾ

## അർജ്ജുനന് 12 സംജ്ഞകൾ

ഇനി ഞാൻ അടുത്ത ഉപാഖ്യാനത്തിലേക്ക് കടക്കുകയാണ്.

ഭഗവാൻ അന്നു വൈകുന്നേരം മഹാഭാരതത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. അവിടുന്ന് ധാരാളം കഥകൾ പറയുകയുണ്ടായി-പ്രമീളാർജുനീയം, ഗോഗ്രഹണം, അഭിമന്യു, പിന്നെ പരീക്ഷിത്തിനെപ്പറ്റിയുള്ള കഥകൾ. അവിടുന്ന് ഓരോ സംഭവവും വിവരിക്കുന്ന രീതി, ആ സംഭവങ്ങളൊക്കെ ആ നിമിഷം നടന്ന പ്രതീതിയുണ്ടാക്കുന്ന രീതിയിലായിരുന്നു. എല്ലാ കഥകളും വിവരിച്ച ശൈലി, നടന്ന സംഭവങ്ങളുടെ തികച്ചും വസ്തുചിത്രപരമായ, ഛായാഗ്രഹണപരമായ, സമ്പൂർണമായ, നാടകീയമായ ദൃശ്യവത്കരണമായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. ഇത് ഭഗവാനു മാത്രമേ കഴിയൂ, മറ്റാർക്കും ആവില്ല.



മഹാഭാരതത്തിലെ ഒരു സുപ്രധാന കഥാപാത്രമായ അർജ്ജുനനെപ്പറ്റി പരാമർശിച്ചുകൊണ്ട് ഭഗവാൻ പറഞ്ഞു, "അർജ്ജുനന് പന്ത്രണ്ട് സ്ഥാനനാമങ്ങൾ ഉണ്ടായിരുന്നു- ഉന്നത പദവികൾ."

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, പന്ത്രണ്ട് സംജ്ഞകൾ? അദ്ദേഹത്തിന് എങ്ങനെയാണീ ബിരുദങ്ങൾ ലഭിച്ചത്? അദ്ദേഹത്തിന് അസ്ത്രവിദ്യയിലുണ്ടായിരുന്ന പാടവം കാരണമാണോ? അദ്ദേഹത്തിന്റെ ധൈര്യത്തിന്, വിജയത്തിന്, അഥവാ ദുഷ്ടശക്തികൾക്കുമേൽ അദ്ദേഹം നേടിയ വിജയത്തിന് പ്രതിഫലമായി കിട്ടിയതാണോ ഈ പേരുകൾ?"

സ്വാമി പറഞ്ഞു, "അല്ലല്ല. അവന് പന്ത്രണ്ട് സ്ഥാനനാമങ്ങൾ ലഭിച്ചത് അവന്റെ ഇന്ദ്രിയ നിയന്ത്രണം കാരണമാണ്, അവന്റെ ആദ്ധ്യാത്മിക അച്ചടക്കവും തപസ്സും കാരണമാണ്.

അവന് ഭഗവാന്റെ കൃപ നേടാനായി, അക്കാരണത്താൽത്തന്നെ ഒത്തിരി വരങ്ങളാലും അവൻ അനുഗ്രഹിക്കപ്പെട്ടു.''

സ്വാമി ഇപ്രകാരം അർജ്ജുനനെ പുകഴ്ത്തുകയുണ്ടായി.

## അർജ്ജുനൻ ഭീഷ്മരേക്കാൾ മഹാനോ?

ശരി, ഞാൻ നിശ്ശബ്ദനായ ഒരാളല്ല. എനിക്ക് മഹാഭാരതത്തിലെ മറ്റൊരു കഥാപാത്രത്തെ അറിയാമായിരുന്നു-ഭീഷ്മർ. ഭീഷ്മർ മുതിർന്നയാളാണ്, പ്രായം ചെന്ന മനുഷ്യനാണ്,



ശാന്തനായ മനുഷ്യൻ, പ്രാഗത്ഭ്യം ഉള്ളയാൾ, ത്യാഗിയായ മനുഷ്യൻ ഒക്കെ ആയിരുന്നു-അത്തരമൊരാളിനെ നിങ്ങൾക്ക് മറ്റൊരിടത്തും കാണാനാവില്ല.

''സ്വാമീ, അർജ്ജുനൻ ഭീഷ്മരേക്കാൾ ശ്രേഷ്ഠനായിരുന്നു എന്ന് അവിടുന്ന് കരുതുന്നുവോ?''

ഭഗവാൻ എന്റെ മനോവിചാരം അറിഞ്ഞിട്ട് ഉടൻ മറുപടി തന്നു, ''ഭീഷ്മർ, സംശയമില്ല, ഒരു മഹാനായ മനുഷ്യനായിരുന്നു. അദ്ദേഹം വളരെ മുതിർന്നയാളായിരുന്നു-ഒരു വിവേ

കിയായ മനുഷ്യൻ, തപസ്വിയായ മനുഷ്യൻ, അച്ചടക്കമുള്ള മനുഷ്യൻ, ആത്മാർഥതയുള്ള മനുഷ്യൻ, പിന്നെയോ ഒരു മഹാഭക്തനും. പക്ഷേ, അദ്ദേഹം ചീത്ത ആളുകളുടെ കൂട്ടുകെട്ടിലായിരുന്നു. അദ്ദേഹം ദുഷ്ടരായ കൗരവരെ പിന്താങ്ങിപ്പോന്നു. നേരെമറിച്ച്, അർജ്ജുനൻ ഒരിക്കലും മോശം സൗഹൃദം പുലർത്തിയിരുന്നില്ല. ഭീഷ്മരേക്കാൾ താരതമ്യേന ഇളയതായിരുന്നു എങ്കിലും അർജ്ജുനൻ തികച്ചും മഹാനായിരുന്നു, കാരണം അവൻ നല്ല ആളുകളുമായി സംഗം പുലർത്തിയിരുന്നു. അതുകൊണ്ട്, അർജ്ജുനനാണ് ഭീഷ്മരേക്കാൾ ശ്രേഷ്ഠൻ.''

## യുദ്ധം ചെയ്യാനുള്ള അഭിമന്യുവിന്റെ തീരുമാനം

അപ്പോൾ സ്വാമി അഭിമന്യുവിന്റെ കഥ വിവരിച്ചു.

അഭിമന്യു അർജ്ജുനന്റെ പുത്രനായിരുന്നു. യുദ്ധം ചെയ്യുന്നതിനായി ശത്രുക്കൾ അവനെ വെല്ലുവിളിച്ചു. അതുകൊണ്ട് അവന് യുദ്ധഭൂമിയിലേക്കുചെന്ന് അവരോട് എതിരിടേണ്ടിവന്നു. തീരെ ചെറുപ്പക്കാരനായിരിക്കെത്തന്നെ അവൻ വീരമൃത്യു പൂകി.

''സ്വാമീ, അഭിമന്യു തീരെ ചെറുപ്പമായിരുന്നു. അവൻ വിവാഹിതനായിരുന്നു, ഭാര്യ ഗർഭവതിയുമായിരുന്നു; അവന്റെ അച്ഛൻ അർജ്ജുനനും മാതുലൻ കൃഷ്ണനും, രണ്ടുപേരും അകലെയായിരുന്നു. പാവം അഭിമന്യു! യുദ്ധഭൂമിയിൽ മരിച്ചുവീണ യുവാവായി അവൻ. എത്ര കഷ്ടം! സ്വാമീ, അഭിമന്യു അവന്റെ അമ്മയായ സുഭദ്രയെ അനുസരിച്ചില്ല എന്ന് ഞാൻ കേട്ടിട്ടുണ്ട്.



അവന്റെ അമ്മ അവനോട് പറയുകയുണ്ടായി, ''എന്റെ പ്രിയപുത്രാ, നീ പോകരുത്; നിന്റെ അച്ഛൻ ഇവിടെയില്ല; നിന്റെ അമ്മാവൻ ഇവിടെയില്ല; നിന്റെ ഭാര്യ ഗർഭവതിയും. പോകരുത്.''


''സ്വാമീ, അഭിമന്യു അവന്റെ അമ്മയെ അനുസരിക്കാതെ പോയത് ശരിയാണോ?''

അഭിമന്യുവിന്റെ ഭാഗത്തുണ്ടായ ഒരു പിശക് ചൂണ്ടിക്കാട്ടാൻ എനിക്ക് സാധിച്ചു എന്ന് ഞാൻ വിചാരിച്ചു, പക്ഷേ നമ്മുടെ നല്ല ഭഗവാൻ അത്തരം തെറ്റിദ്ധാരണകളൊന്നും വച്ചു പൊറുപ്പിക്കില്ല.

അവിടുന്ന് പറഞ്ഞു, "ഇവിടെ നോക്കൂ, അനിൽകുമാർ! ശത്രുക്കളെത്തി വെല്ലുവിളിക്കുമ്പോൾ, ഓരോ പോരാളിയുടെയും, ക്ഷത്രിയകുലത്തിൽ പിറന്ന ഓരോരുത്തരുടെയും കടമയാണ് ഉടനടി യുദ്ധഭൂമിയിലേക്ക് പോവുകയെന്നത്. അവർ ഒളിച്ചോടുകയല്ല വേണ്ടത്. അവർ ഒഴിവുകഴിവ് പറഞ്ഞുകൂടാ."

"അതുകൊണ്ട്, അഭിമന്യു അവന്റെ അമ്മയെ അനുസരിക്കാൻ നിന്നില്ല, കാരണം അവന്റെ ശത്രുക്കൾ അവനെ വെല്ലുവിളിച്ചു, അവൻ ഒരു ശരിയായ വീരനായിരുന്നു. അവൻ പോയില്ലായിരുന്നുവെങ്കിൽ, അവന്റെ പിതാവ് തിരികെ വീട്ടിലെത്തുമ്പോൾ, അദ്ദേഹത്തിന്റെ വിചാരം എന്തായേനെ? അവനെയോർത്ത് അവന്റെ പിതാവ് ലജ്ജിക്കുമായിരുന്നില്ലേ? അദ്ദേഹം ചിന്തിച്ചേനേ.. 'വീട്ടിൽത്തന്നെ ഒളിച്ചിരിക്കുന്ന ഇവൻ എന്റെ പുത്രൻ തന്നെയോ? ഞാൻ വലിയ പോരാളിയാണ്, എന്റെ പുത്രനും എന്നെപ്പോലെയാവും എന്ന് ഞാൻ കരുതി. ശത്രുക്കൾ വെല്ലുവിളിച്ചപ്പോൾ വീട്ടിൽത്തന്നെ ഒളിച്ചിരിക്കുന്നത് എന്തൊരു നാണക്കേടാണ്.' ഇപ്രകാരമാവും അവന്റെ പിതാവിന്റെ ചിന്ത."

"അത് ഒരിക്കലും സംഭവിക്കരുതെന്ന് അഭിമന്യു ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അവൻ വെല്ലുവിളി നേരിട്ടു. അവൻ ഒറ്റയ്ക്ക് അവന്റെ ശത്രുക്കളെ നേരിട്ട് അവസാനം, ഈശ്വരന്റെ മാസ്റ്റർ പ്ലാനനുസരിച്ച്, വീരമൃത്യു വരിക്കേണ്ടിവന്നു."



മുഴുവൻ യുദ്ധതന്ത്രവും മെനഞ്ഞത് ദ്രോണാചാര്യരായിരുന്നു എന്ന് അഭിമന്യുവിന് അറിയാമായിരുന്നു. നൂറുകണക്കിന് യോദ്ധാക്കളുടെ, മുതിർന്നവരുടെ, മധ്യേ താൻ ഒറ്റയ്ക്കാവും എന്നും അവന് നന്നായി അറിയുമായിരുന്നു, പക്ഷേ അവന്റെ കുടുംബത്തിന്റെ, അവന്റെ പിതാവിന്റെ, അന്തസ്സും

കീർത്തിയും അഭിമാനവും ഉയർത്തിപ്പിടിക്കുന്നതിനായി മരിക്കുന്നതിനും അവന് കൂസലില്ലായിരുന്നു.''

ഇതാണ് ഭഗവാൻ അരുളിയത്.

## എന്താണ് ക്ഷാത്രം?

അപ്പോൾ ഞാൻ ചോദിച്ചു, ''സ്വാമീ, എനിക്കൊരു ചോദ്യമുണ്ട്. എന്താണീ ക്ഷാത്രം?''

അതൊരു സംസ്കൃതപദമാണ്, ധൈര്യം(courage)എന്നാണ് നമ്മൾ ഇംഗ്ലീഷിൽ ഇത് മനസ്സിലാക്കിയിരിക്കുന്നത്. ഞാൻ സ്വാമിയോട് ഈ ചോദ്യം ചോദിച്ചതെന്തിനെന്നാൽ, അവിടുന്ന് പുതിയ നിർവചനങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നതിന് പ്രശസ്തനാണ്.

''ശരി'', സ്വാമി ഒരു മന്ദഹാസത്തോടെ പുറകിലേക്ക് തിരിഞ്ഞുകൊണ്ട് അരുളിച്ചെയ്തു, ''ധർമ്മനീതിയുടെയും സദ്ഗുണത്തിന്റെയും സത്യസന്ധതയുടെയും പിൻബലമുള്ള ധൈര്യവും ശൗര്യവുമാണ് ക്ഷാത്രം എന്നത്.''

സുഹൃത്തുക്കളേ, നാം മനസ്സിലാക്കേണ്ടത് ഇതാണ്, ഒരുവനെ കൊല്ലുന്നത് ഒരു ധീരപ്രവൃത്തിയാവാം; എന്നാലത് 'ക്ഷാത്ര'മാവില്ല. നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ? ഒരാളിനെ തല്ലുന്നത് ധീരപ്രവൃത്തിയാവാം; എന്നാലത് ക്ഷാത്രമല്ല. നിങ്ങളുടെ സ്വഭാവഗുണം നിലനിർത്തുന്നതിന്, നിങ്ങളുടെ സത്ഗുണം പരിപാലിക്കുന്നതിന് പോരാടാനും മരിക്കാനും തയ്യാറാകുന്നുവെങ്കിൽ, അതാണ് ക്ഷാത്രം. ഇതാണ് ഭഗവാൻ നൽകിയ നിർവചനം.

സമൂഹം ഇന്ന് തിരിച്ചറിയേണ്ടത് നാം സമരം ചെയ്യുമ്പോൾ, കലാപങ്ങളുണ്ടാക്കുമ്പോൾ, എല്ലായിടത്തും ഇത്തരത്തിലുള്ള ക്ഷാത്രം, ധാർമ്മികരോഷം ആണ് ആവശ്യമുള്ളത് എന്നതാണ്. അക്രമവും കൊള്ളിവയ്പും സാർവത്രികമായി ഉണ്ട്, പക്ഷേ അതൊന്നും ഒരർത്ഥത്തിലും 'ധൈര്യം' എന്ന് വിളിക്കപ്പെടാൻ യോഗ്യമല്ല. അത്തരം പ്രവൃത്തികൾ വെറും റൗഡിസം, അശാന്തി, നിയമരാഹിത്യം ആണ്. നമുക്കിന്നാവശ്യം ധീരത, ശൗര്യം, ധാർമ്മികരോഷം ഇവയാണ്.

ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങൾക്ക് നന്ദി.

സായിരാം.

*ഓം.. ഓം.. ഓം..*
*അസതോ മാ സത് ഗമയ*
*തമസോ മാ ജ്യോതിർ ഗമയ*
*മൃത്യോർ മാ അമൃതം ഗമയ*

*ഓം ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ഓം ശാന്തി: ശാന്തി: ശാന്തി:*



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)